"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ - ബ്രഹ്മപുരത്ത് വേസ്റ്റ്-റ്റു-എനർജി പ്ലാന്റ് നിർമ്മിക്കുന്നതിനായി അനുവദിച്ച സ്ഥലത്തേക്കുള്ള റോഡ് വീതി കൂട്ടി പുനർനിർമ്മിക്കുന്നതിനായി തദ്ദേശസ്വയംഭരണ എൻജിനീയറിംഗ് വിഭാഗം തയ്യാറാക്കിയ "Construction of 10 m width road for New Waste to Energy plant at Bhrammapuram" എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

G.O.(Rt)No.840/2020/LSGD തീയതി,തിരുവനന്തപുരം, 08/05/2020

---

പരാമർശം:- 1. ജി.ഒ.(എം.എസ്.)നം.8/2020/ഡി.എം.ഡി. തീയതി 05.03.2020

2. ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 13/04/2020-ൽ ചേർന്ന മാലിന്യ സംസ്കരണം സംബന്ധിച്ച സംസ്ഥാനതല ഉപദേശക സമിതിയുടെ മുപ്പത്തി അഞ്ചാമത് യോഗത്തിലെ തീരുമാനം

**ഉത്തരവ്**

പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ ബ്രഹ്മപുരം വേസ്റ്റ് ഡംപിംഗ് യാർഡിലെ ലെഗസി വേസ്റ്റ് ശാസ്ത്രീയമായി സംസ്കരിക്കുന്ന പ്രവൃത്തി Disaster Management Act, 2005-ന്റെ സെക്ഷൻ 24(e) പ്രകാരം നിർവ്വഹിക്കാൻ ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിനായി അനുയോജ്യരായ ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിക്കാൻ കെ.എസ്.ഐ.ഡി.സി.യെ ചുമതലപ്പെടുത്തുകയും കെ.എസ്.ഐ.ഡി.സി.ക്ക് ഇക്കാര്യത്തിൽ ആവശ്യമായ സഹായം ചെയ്യുന്നതിന് എറണാകുളം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. തദനുസരണമുള്ള തുടർ പ്രവർത്തനങ്ങൾ നടന്നു വരികയാണ്.

2. ബ്രഹ്മപുരത്ത് കേന്ദ്രീകൃത വേസ്റ്റ്-റ്റു-എനർജി പ്ലാന്റ് നിർമ്മിക്കുന്നതിനായി അനുവദിച്ച സ്ഥലത്തേക്കുള്ള റോഡിന് വീതി കൂട്ടി പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കാൻ നിരന്തരമായി കൊച്ചി കോർപ്പറേഷനോട് ആവശ്യപ്പെട്ടിട്ടും കോർപ്പറേഷൻ ഇക്കാര്യത്തിൽ യാതൊരു നടപടിയും സ്വീകരിക്കാത്ത സാഹചര്യത്തിൽ, 13/04/2020-ൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന മാലിന്യ സംസ്കരണം സംബന്ധിച്ച സംസ്ഥാനതല ഉപദേശക സമിതി ഇക്കാര്യം വിശദമായി ചർച്ച ചെയ്യുകയും, തദ്ദേശസ്വയംഭരണ എൻജിനീയറിംഗ് വിഭാഗം തയ്യാറാക്കിയ 1,99,75,000/- രൂപയുടെ

എസ്റ്റിമേറ്റ് പ്രകാരമുള്ള "Construction of 10 m width road for New Waste to Energy plant at Bhrammapuram" എന്ന പ്രവൃത്തി നിർവ്വഹിക്കുന്നതിന് എറണാകുളം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുകയും ആയതിന് ചെലവാകുന്ന തുക കൊച്ചി കോർപ്പറേഷനുള്ള ഗ്രാന്റിൽ നിന്നും നേരിട്ട് കുറവ് ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബ്രഹ്മപുരത്ത് കേന്ദ്രീകൃത വേസ്റ്റ്-റ്റു-എനർജി പ്ലാന്റ് നിർമ്മിക്കുന്നതിനായി അനുവദിച്ച സ്ഥലത്തേക്കുള്ള റോഡ് വീതി കൂട്ടി പുനർനിർമ്മിക്കുന്നതിന് തദ്ദേശസ്വയംഭരണ എൻജിനീയറിംഗ് വിഭാഗം തയ്യാറാക്കിയ "Construction of 10 m width road for New Waste to Energy plant at Bhrammapuram" എന്ന പ്രവൃത്തി എറണാകുളം ജില്ലാ കളക്ടർ മുഖേന നിർവ്വഹിക്കുന്നതിന് 1,99,75,000/- രൂപയുടെ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത പ്രവൃത്തിക്ക് ചെലവാകുന്ന തുക കൊച്ചി കോർപ്പറേഷനുള്ള ഗ്രാന്റിൽ നിന്നും നേരിട്ട് കുറവ് ചെയ്യുന്നതാണ് എന്നും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
R S KANNAN
SPECIAL SECRETARY

ബഹു.മേയർ, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ
സെക്രട്ടറി, കൊച്ചി മുനിസിപ്പൽ കോർപറേഷൻ
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, എറണാകുളം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA), കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by SMITHA B CHANDRA
Date: 2020.05.08 12:44:22 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്:-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി എ യ്ക്ക്